**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4473** **19-07-2022 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിലെ വിവിധ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ .ഡി .പ്രസേനൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസത്തിനായി ആവിഷ്കരിച്ചിട്ടുള്ള വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 2016 മുതൽ 2022 വരെ ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (എ) | **പട്ടികജാതി വിഭാഗങ്ങളുടെ വിദ്യാഭ്യാസത്തിനായി ആവിഷ്കരിച്ചിട്ടുള്ള വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 2016 മുതൽ 2022 വരെ ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.**<br><br>പ്രൈമറി, സെക്കൻഡറി തലത്തിൽ ഒന്നാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രീമെട്രിക് 'ലംപ്സം ഗ്രാന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി 15903വിദ്യാർത്ഥികൾക്കും, ഒന്നാം ക്ലാസ്സ് മുതൽ എട്ടാം ക്ലാസ്സവരെ പഠിയ്ക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അദ്ധ്യായനവർഷാരംഭത്തിലെ പ്രാരംഭ ചെലവുകൾക്കായി പ്രൈമറി/ സെക്കൻഡറി എയ്ഡ് പദ്ധതി പ്രകാരം 14229 വിദ്യാർത്ഥികൾക്കും പ്രസ്തുത കാലയളവിൽ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ദുർബ്ബല വിഭാഗം വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ് ഇനത്തിൽ പ്രസ്തുത മണ്ഡലത്തിലെ 558 പട്ടികജാതി വിദ്യാർത്ഥികൾക്കും, വകുപ്പിന്റെ കീഴിൽ വരുന്ന നേഴ്സറി സ്കൂളിലെ 125 വിദ്യാർത്ഥികൾക്ക് ഫീഡിംഗ് ചാർജ്ജ്, ലംപ്സം ഗ്രാന്റ് എന്നീ ഇനങ്ങളിലും ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. 4, 7 ക്ലാസ്സുകളിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ മികച്ച വിദ്യാർത്ഥികൾക്ക് പത്താം ക്ലാസ് വരെ നൽകിവരുന്ന അയ്യങ്കാളി ടാലെന്റ് സെർച്ച് സ്കോളർഷിപ്പ് പദ്ധതി പ്രകാരം 231 വിദ്യാർത്ഥികൾക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. വിവിധ വാർഷിക പരീക്ഷകൾക്ക് ഉന്നത വിജയം നേടിയ മണ്ഡലത്തിലെ 738 വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന പദ്ധതി പ്രകാരം ക്യാഷ് അവാർഡുകളും, പാരലൽ കോളേജുകളിൽ പഠിക്കുന്ന |

| | | | |
|---|---|---|---|
| | | | 2481 വിദ്യാർത്ഥികൾക്കും പ്രസ്തുത കാലയളവിൽ ആനുകൂല്യം അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ പോസ്റ്റ്മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഗവണ്മെന്റ് ഓഫ് ഇന്ത്യ പദ്ധതി പ്രകാരവും, ഗവണ്മെന്റ് ഓഫ് കേരള പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങളും വിതരണം ചെയ്തിട്ടുണ്ട്.<br><br>**പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി സർക്കാർ ആവിഷ്ക രിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.**<br><br>പ്രീമെട്രിക് സ്കോളർഷിപ്പ്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്, രക്ഷകർത്താക്കൾക്കുള്ള പ്രോത്സാഹന ധനസഹായം, ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്കുള്ള പ്രത്യേക പ്രോത്സാഹന ധനസഹായം, 9-10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള കേന്ദ്ര സർക്കാർ സ്കോളർഷിപ്പ്, പോസ്റ്റ് മെട്രിക് തലത്തിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് പരീക്ഷാ ഫീസ്, ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ അർഹരായ മുഴുവൻ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും നൽകി വരുന്നുണ്ട്. ആലത്തൂർ മണ്ഡലത്തിൽ ഡിജിറ്റൽ പഠന സൗകര്യമില്ലാത്ത 5 വിദ്യാർത്ഥികൾക്ക് മൊബൈൽ ഫോണും ജില്ലാ പഞ്ചായത്തിന്റെ പദ്ധതി മുഖേന 9 വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനുള്ള ധനസഹായവും നൽകിയിട്ടുണ്ട്. കൂടാതെ ഓൺലൈൻ പഠന സൗകര്യങ്ങൾക്കായി നെറ്റ് വർക്ക് കണക്ടിവിറ്റിയില്ലാത്ത കവിളുപാറ, പൂച്ചാടി, അമ്പിട്ടൻതരിശ്, ആനക്കുഴിപ്പാടം എന്നീ കോളനികളിൽ ബി.എസ്.എൻ.എൽ DTH കണക്ഷൻ സ്ഥാപിച്ചു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ